SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.09.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:17 SEPTEMBER 2024 ANNUAL SUBSCRIPTION Rs. 100/-


## ബ്രദറൺ കൺവൻഷൻ കുമ്പനാട്

**കുമ്പനാട്:** 119-ാമത് ബ്രദറൺ കൺവൻഷൻ ദൈവഹിതമായാൽ കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷൻ മൈതാനത്ത് ഡിസംബർ 29 ഞായർ വൈകുന്നേരം 6 മണി മുതൽ 2025 ജനുവരി 5 ഞായർ ഉച്ചയ്ക്ക് 1.30 വരെ നടത്തപ്പെടും. സഹോദരന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ദാനിയേൽ വർഗീസ്, ജെയിംസ് എം തോമസ്, വി മാത്യു, പി. ജി. ജെയിംസ്, സാം കെ ജോൺ, സാമുവേൽ ബി തോമസ്, തോമസ് ജേക്കബ്, വർഗീസ് കുര്യൻ, വി. പി. പൗലോസ് എന്നിവർ വചനശുശ്രൂഷകൾ നിർവഹിക്കും.

കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ശ്രേഷ്ഠതകൾ-ദൈവശാസ്ത്രം അടിസ്ഥാനമാക്കിയുള്ള പ്രഖ്യാപനങ്ങൾ, പ്രവചനം അടിസ്ഥാനമാക്കിയുള്ള പ്രഖ്യാപനങ്ങൾ, യിസ്രായേലിന്റെയും ജാതികളുടെയും പ്രത്യാശ, യേശുക്രിസ്തുവിന്റെ ജീവിതം അടിസ്ഥാനമാക്കിയുള്ള പ്രഖ്യാപനങ്ങൾ, പൗരോഹിത്യ ശുശ്രൂഷയുടെ ശ്രേഷ്ഠതകൾ, രണ്ടാം വരവിന്റെ ശ്രേഷ്ഠതകൾ, മഹത്വ പ്രത്യക്ഷതയുടെയും നിത്യരാജ്യത്തിന്റെയും ശ്രേഷ്ഠതകൾ, ഇതര വിഷയങ്ങൾ (രാത്രി യോഗങ്ങൾ)-തന്നെത്താൻ ശോധന ചെയ്തിട്ട് (1 കൊരി 11:28), ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു. (1 ശമുവേൽ 30:6), ഏകാത്മാവിൽ, ഏകമനസ്സോടെ (ഫിലി 1:27), രാത്രി കഴിവാറായിരിക്കുന്നു, പകൽ അടുത്തിരിക്കുന്നു. (റോമർ 6:12), ചെത്തി വെടിപ്പാക്കും. (യോഹ 15:2), നിങ്ങൾ ദൈവത്തിന്റെ മന്ദിരമാകുന്നു. (1കൊരി 3:6), പരീക്ഷയോടു കൂടെ നീക്കുപോക്കും ഉണ്ടാക്കും (1കൊരി 10:13), ഈ വിഷയങ്ങളിൽ രാത്രി യോഗങ്ങൾ നടക്കും.

ഡിസംബർ 12ന് രാവിലെ സഹോദരിമാരുടെ സമ്മേളനം, ജനുവരി 2ന് രാവിലെ മിഷനറി മീറ്റിംഗ്, ജനുവരി 3ന് രാവിലെ ദൈവത്തിന് പ്രസാദകരമായ ആരാധന, ജനുവരി 4ന് മൂപ്പന്മാരുടെ ഉത്തരവാദിത്തങ്ങൾ, ജനുവരി 5ന് രാവിലെ ആരാധനയോഗവും സമാപന സന്ദേശവും, എല്ലാ ദിവസവും രാവിലെ 8 മണി മുതൽ 9 മണി വരെ ബൈബിൾ ക്ലാസ് ഉണ്ടായിരിക്കും. സുവി. വി. പി. പൗ ലോസ്, സുവി. സാം കെ ജോൺ എന്നിവർ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ക്ഷണിക്കുന്നു.

## വൈ എം ഇ എഫ് യൂത്ത് ക്യാമ്പിന് അനുഗ്രഹീതമായ സമാപനം



**കട്ടപ്പന:** യുവാക്കന്മാരുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കി രണ്ടു വർഷത്തിലൊരിക്കൽ നടത്തിവരാറുള്ള യൂത്ത് ക്യാമ്പ് ഈ വർഷം ഓണാവധിക്കാലത്ത് ഇടുക്കി ജില്ലയിലെ കട്ടപ്പന സയോൺ പബ്ലിക് സ്കൂളിൽ വച്ച് നടത്തി. സെപ്റ്റംബർ 15 ഞായറാഴ്ച്ച വൈകിട്ട് 6 മണിക്ക് ആരംഭിച്ച ക്യാമ്പ് ബുധനാഴ്ച്ച ഉച്ചയ്ക്ക് 1 മണിയോടെ സമാപിച്ചു. കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള ക്യാമ്പുകളെക്കാൾ യുവാക്കന്മാരുടെ വ്യക്തിജീവിതങ്ങൾക്ക് കൂടുതൽ അനുഗ്രഹമാകത്തക്ക വിധത്തിലായിരുന്നു ഇത്തവണ ക്ലാസുകൾ ക്രമീകരിച്ചിരുന്നത്. 35 വയസ്സിൽ താഴെയുള്ള യുവാക്കന്മാർക്കായി "വ്യത്യസ്തരായിരിക്കാൻ ധൈര്യം കാണിക്കുക" എന്ന തീമിലായിരുന്നു ക്ലാസുകൾ നടന്നത്. സഹോദരന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, തോംസൺ ബി. തോമസ്, സുഭാഷ് തങ്കച്ചൻ, പ്രമോദ് തോമസ്, ബിനു സാമുവൽ, ജി. ധർമ്മരാജ്, ബെൻതോമസ്, ഷൈൻ പി അസ്സി, ഗർഷോം എന്നിവരായിരുന്നു ക്യാമ്പ് ലീഡേഴ്സ്. വചനധ്യാനം, ബൈബിൾ ക്ലാസുകൾ, മിഷനറി സമ്മേളനം, വർക്ക് ഷോപ്പുകൾ, ചർച്ച, ബൈബിൾ ക്വിസ്, ബൈബിൾ ഗെയിം, ടാലന്റ് ടൈം കൂടാതെ മറ്റ് പ്രോഗ്രാമുകളും ക്യാമ്പിന്റെ ഭാഗമായി നടന്നു.

(തുടർച്ച പേജ്....7)

## പത്തനംതിട്ട ബ്രദറൺ കൺവൻഷൻ

**പത്തനംതിട്ട:** "ജീവന്റെ വചനം പ്രമാണിച്ചു ജ്യോതിസ്സുകളെ പോലെ പ്രകാശിക്കാം" എന്ന വിഷയത്തെ ആസ്പദമാക്കി 69-ാമത് പത്തനംതിട്ട ബ്രദറൺ കൺവൻഷൻ പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് ഡിസംബർ 22 മുതൽ 29 വരെ നടത്തപ്പെടും. പകൽ യോഗം രാവിലെ 10 മുതൽ 1 വരെയും രാത്രി യോഗം വൈകിട്ട് 6 മുതൽ 8 മണി വരെയുമാണ് ക്രിമീകരിച്ചിരിക്കുന്നത്. സുവി. പി. ജി. ജെയിംസ്, സുവി. ആൽബർട്ട് സുനിൽ, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, സുവി. ബിനു സാമുവേൽ, സുവി. വി. പി. പൗലോസ്, സുവി. ജോസ് മാത്യുസ്, സുവി. ജോൺ കുരിയൻ എന്നിവരാണ് കൺവൻഷൻ പ്രാസംഗികർ വൈകുന്നേരം 7 മുതൽ 7.45 വരെ സുവിശേഷ സന്ദേശവും ഞായറാഴ്ച രാവിലെ 10 മുതൽ 1 വരെ വിശുദ്ധ ആരാധനയും ഉണ്ടായിരിക്കും. ശനിയാഴ്ച്ച ഉച്ചക്കുശേഷം വൈ. എം. ഇ. എ ഫ് സമ്മേളനവും നടക്കും. വൈകുന്നേരം 5.30 മുതൽ 7.00 മണിവരെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കും.

## മണിപ്പൂർ സഹായം തുടരുന്നു

**മണിപ്പൂർ:** മണിപ്പൂർ കലാപത്തിന്റെ ആദ്യഘട്ടം മുതൽ സത്യം മിനിസ്ട്രീസ് മണിപ്പൂരിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നു. ഇന്ത്യയിലെ വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ അക്രമ അന്തരീക്ഷം വർദ്ധിച്ചു വരികയാണ്. 2024 മെയ് 3 നുണ്ടായ അക്രമണത്തിൽ ഇരുന്നൂറിലധികം ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു, 60,000 ലധികം ആളുകൾ പാലായനം ചെയ്യുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും 4786 വീടുകളും 386 പള്ളികളും അക്രമികൾ നശിപ്പിച്ചു. 2024 സെപ്റ്റംബർ 7ന് മണിപ്പൂർ സംഘർഷം വീണ്ടും ദാരുണമായ അവസ്ഥ സൃഷ്ടിച്ചു. ഉറങ്ങിക്കിടന്ന ഒരാൾ ഉൾപ്പെടെ 6 പേർ കൊല്ലപ്പെട്ടു. സംഘർഷത്തിന്റെ നൂതന ആയുധങ്ങളായ ഡ്രോൺ, റോക്കറ്റ് എന്നിവയുടെ ഉപയോഗം ഭയപ്പെടുത്തുന്നതായിരുന്നു. ആക്രമം ആഴത്തിൽ ബാധിച്ച പ്രദേശങ്ങളിൽ സമാധാനവും പ്രത്യാശയും പുനഃസ്ഥാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് സത്യം മിനിസ്ട്രീസിന്റെ റിലീഫ് ടീം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്നുകൾ എന്നിവ ആദ്യഘട്ടം മുതൽ സത്യം മിനിസ്ട്രീസ് വഴി എത്തിച്ച് നൽകിയിരുന്നു. കലാപം നേരിട്ട കുഞ്ഞുങ്ങൾക്ക് കൂടുതൽ ആശ്വാസം നൽകുന്നതിനായി അവരോടൊപ്പം സമയം ചിലവിടാനും (തുടർച്ച പേജ്.....6)




SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള*
*ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# സഭയുടെ സമാധാനം

**ബ്രദർ സി.വി. വടവന**



സുവിശേഷവിഹിത സഭകളിൽ സഭാഭരണം ഒരു വൈഷമ്യ പ്രശ്നമായിരിക്കുന്ന കാലഘട്ടമാണിത്. ദർശനമില്ലാത്ത നേതൃത്വം- നേതൃത്വത്തിനെതിരെ ഭക്തന്മാരുടെ പോരാട്ടം- സുവിശേഷ യോഗം പോലീസിന്റെ കാവലിൽ- ഇലക്ഷൻ വിവാദങ്ങൾ- തുടങ്ങി നമ്മുടെ പിതാക്കന്മാർക്ക് സുപരിചിതമല്ലാതിരുന്ന പലതും സംഭവിച്ചുപോയി. പലരും ഹൃദയഭാരത്തോടുകൂടി എന്തു വേണ്ടു എന്നു ചിന്തിച്ചു തുടങ്ങി. 'സഭയ്ക്ക് സമാധാനം ഉണ്ടായി; അത് ആത്മികവർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിലും നടന്നും പെരുകിക്കൊണ്ടിരുന്നു' (അപ്പൊ. 9:31) എന്ന കാലഘട്ടം ഇന്ന് അന്യം നിന്നു പോയോ എന്നു പരക്കെ സംശയം.

ബ്രദറൺ സഭകൾ ആരംഭിച്ച കാലത്ത് ഈ പ്രയാസം ഉണ്ടായിട്ടില്ല. പൗരോഹിത്യ ദുർഭരണത്തിൽ നിന്നും ഓടി വന്നവർ എല്ലാവരും സഹോദരന്മാർ എന്ന നിലയിലാണിവിടെ കണ്ടത്. സഭയ്ക്കുവേണ്ടി അവർ വളരെ ത്യാഗം സഹിച്ചും, വളരെ പ്രാർത്ഥിച്ചും, അദ്ധ്വാനിച്ചും സഭ അവരെ സ്നേഹിച്ചും അനുസരിച്ചും പോന്നു. എന്നാൽ ഇന്ന് ദൈവ സ്നേഹത്തിന്റെ വ്യാപാരം സഭയിൽ കുറവായി. അനാത്മികൾ സഭയ്ക്കു ചുമൽ കൊടുക്കാൻ തുടങ്ങി. ദൈവവചന പ്രഘോഷണം ഒരു തൊഴിലായി മാറി. സഭയ്ക്കു കേന്ദ്രവും ഹെഡും, പൊതു ഭരണ സംവിധാനങ്ങളും വേണമെന്ന ആവശ്യം ചിലർ ഉന്നയിച്ചു തുടങ്ങി. ജഡത്തിന്റെ പ്രകൃതി സൗകര്യം പോലെ വിളഞ്ഞാട്ടം തുടങ്ങി. യിസ്രായേലിൽ ദൈവം ചെയ്തതുപോലെ ശക്തിയേറിയ പ്രവാചകന്മാരെ ദൈവം നമ്മുടെ മദ്ധ്യേ എഴുന്നേല്പിച്ച് ഒരു ഉണർവ്വ് അയയ്ക്കുന്നില്ലെങ്കിൽ ചുറ്റുമുള്ളവരെപ്പോലെ നാമും ഒരു നിർജീവ സമുദായമായി അധഃപ്പതിക്കും.

ഇതിനു ഭരണപരമായി ഒരു മാറ്റം ആരും ആശിക്കരുത്. ഒരു കേന്ദ്ര ഭരണ സംവിധാനം നമുക്കാവശ്യമില്ല. പരിപാലിപ്പാനും (തീത്തൊ. 3:5). സൂക്ഷിപ്പാനും (അപ്പൊ. 20:28) മേയിപ്പാനും (യിരെ.5:2) ആയി സഭയിൽ ചുമതലക്കാരെ കർത്താവ് ആക്കുന്നുണ്ടെങ്കിലും അവരുടെ കയ്യിൽ വാളല്ല, ക്രൂശാണ് കൊടുത്തിരിക്കുന്നതെന്ന യാഥാർത്ഥ്യം നാം മറന്നു പോകരുത്. ആടുകളെ വിൽക്കുവാനും, തൊലി ഉരിയുവാനും, അറുപ്പാനും ആർക്കും അധികാരമില്ല. നമ്മുടെ ഇടയിൽ ഇന്ന് ഒന്നാമന്മാരും, കേമന്മാരും പലരുണ്ട്. എന്നാൽ, ദാസന്മാർ വളരെ ചുരുക്കമാണ്. മൂന്നുവർഷം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുകൊണ്ട് ഓരോരുത്തനു ബുദ്ധി പറഞ്ഞു കൊടുത്ത (അപ്പൊ. 20:31) പൗലോസ് ശ്ലീഹാ ആയിരിക്കട്ടെ നമ്മുടെ ഭരണമാതൃക. അധികാരം കൊണ്ടും കുത്തുപ്രസംഗം കൊണ്ടും ദൈവസഭയെ നന്നാക്കാമെന്നു നാം ആശിക്കേണ്ടതില്ല. ജനം കർത്താവിനോടു ചേർന്നു നില്ക്കട്ടെ(അപ്പൊ. 11:23). വെട്ടുക്കിളിക്കു രാജാവില്ലെങ്കിലും അവ അണിയണിയായി പുറപ്പെടുന്നു എന്നെഴുതിയിരിക്കുന്നതുപോലെയാവട്ടെ ദൈവത്തിന്റെ ജനം. സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാക്കാതെ നമ്മെ നടത്തുന്നവർക്കു അനുസരിച്ചു കീഴടങ്ങിപ്പോകാം. വിജയം സുനിശ്ചിതം തന്നെ.

**- ചീഫ് എഡിറ്റർ**

---

**ലേഖനം**
**ഐസക് സാമുവേൽ**

# വിജയികൾ

**ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ**



**ക്ഷ**മിക്കുക എന്നത് ഒരു താക്കോലാണ്. ഹൃദയം പാപങ്ങളാൽ ബന്ധിക്കപ്പെട്ടാൽ ദൈവസന്നിധിയിൽ പ്രാഗൽഭ്യത്തോടെ നില്ക്കുവാൻ കഴിയുകയില്ല.

ക്ഷമിക്കുന്നതിനേക്കാൾ മറ്റൊരു സവിശേഷ സ്വഭാവം കണ്ടെത്തുവാൻ ആർക്കും കഴിയില്ല. ഇതിന്റെ പ്രാധാന്യം സഭയിലും ഭവനത്തിലും സമൂഹത്തിലും ദേശത്തും കാണാം. കൊടുക്കുന്ന, നന്ദി, പറയുന്ന, ക്ഷമിക്കുന്ന മൂന്ന് ആത്മാക്കൾ ഉണ്ടെന്നു പറഞ്ഞുകേട്ടിരിക്കുന്നു. ഇതിൽ ഒന്നു കണ്ടെത്തിയാൽ മറ്റുള്ളതും കണ്ടെത്താം. ഒരു ദൈവപൈതലിന് അത്യാന്താപേഷിതമായി ഉണ്ടായിരിക്കേണ്ട സ്വഭാവ ഗുണ വിശേഷണമാണ് ക്ഷമിക്കുക എന്നത് എഫെ. 4:32

### ക്ഷമ കൊടുക്കുന്നതിനുള്ള കാരണങ്ങൾ

ദൈവം കല്പ്പിച്ചിരിക്കുന്നു മർക്കോസ് 11:25 ശരിയായ ചിന്താഗതിയുള്ള ഏതൊരാൾക്കും ക്ഷമിക്കാൻ ഇത് മതിയായ കാരണമാണ്. കാരണം ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവന്റെ വചനം അനുസരിക്കുന്നതിനോട് ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ക്ഷമ അനുസരിക്കുന്നതിൽ സാധാരണയായി കുറവു വന്നിരിക്കുന്നതായി കാണാം.

കർത്തവ്യബോധത്താലോ ആവശ്യബോധത്താലോ ചെയ്യാത്ത ഏതൊരു കാര്യവും ഹൃദയത്തിൽ നിന്നുള്ളതല്ല. 2 കൊരി 9:5-7. ഒരു കുട്ടി രക്ഷിതാവിനോട് ക്ഷമിക്കണം എന്ന് പറയുമ്പോൾ അതിന്റെ വാസ്തവത്തിൽ പറയുന്നില്ലെങ്കിൽ അവന് ഒരിക്കലും ക്ഷമ ലഭിക്കുന്നില്ല. മറിച്ച് അവന്റെ മാതാപിതാക്കളെ അവൻ വെറുതെ പ്രസാദിപ്പിക്ക മാത്രം ചെയ്യുന്നു.

കർത്താവിന്റെ ഉദാഹരണം 1 പത്രോ 2:21, ഫിലിപ്പ്യർ 2:3-5, ലൂക്കോസ് 23:24 എല്ലാ കാര്യങ്ങളിലും നമ്മുടെ മാതൃക കർത്താവ് എന്ന നിലയിൽ അവൻ സ്വയം പ്രാവർത്തികമാക്കാത്തവ നമ്മോട് ആവശ്യപ്പെടുകയില്ല. ക്രൂശിൽ ജീവൻ എടുക്കപ്പെട്ടപ്പോഴും ക്ഷമിക്കുന്ന മനോഭാവം അവനിൽ ഉണ്ടായിരുന്നു. അവനെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു. അവൻ സകലവും നല്കി. ക്ഷമ കൂടി നല്കി.

നമുക്ക് ക്ഷമ ലഭിച്ചിരിക്കുന്നു. വിശ്വാസിയുടെ പാപങ്ങൾ ദൈവം തന്റെ പുത്രനായ ക്രിസ്തുവിലൂടെ ക്ഷമിച്ചിരിക്കുന്നു. എഫെ 4:32, ക്രിസ്തു അവനോട് ക്ഷമിച്ചതുപോലെ ക്രിസ്ത്യാനി മറ്റുള്ളവരോട് ക്ഷമിക്കണം. കൊലൊ 3:13 ഒരുവന് ക്ഷമ ലഭിച്ചശേഷവും അവൻ ക്ഷമിക്കുവാൻ വിസമ്മതിക്കുന്നു എങ്കിൽ അവനെ ദൈവം അവജ്ഞയോടെ വീക്ഷിക്കുന്നു. മത്തായി 18: 21-35.

### ക്ഷമിക്കുക എന്നതിന്റെ അർത്ഥം?

ക്ഷമ എന്ന വാക്കിന്റെ വ്യാപ്തി പറയുന്നതിനേക്കാൾ കൂടുതലാണ്. ഇത് ആത്മാർത്ഥവും ഹൃദയത്തിൽ നിന്ന് ഉള്ളതുമായിരിക്കേണം. ദൈവം നമുക്കു നല്കിയ ക്ഷമയുടെ മാതൃകയിലായിരിക്കണം അത്. യഥാർത്ഥ ക്ഷമയ്ക്ക് യോജിച്ച പ്രവൃത്തികളും ഉണ്ടായിരിക്കേണം.

ക്ഷമയിൽ ദയയുടെ അംശം കാണാം. എല്ലാ കൈപ്പും കോപവും ക്രോധവും കുറ്റാരവും ദൂഷണവും സകല ദുർഗണങ്ങളുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ എഫെ 4:31. നമുക്ക് ഒരു പകയും അടക്കിവെക്കാനാകില്ല. പ്രതികാരം എന്ന മനോഭാവം ഉപേക്ഷിച്ചു ക്ഷമ ലഭിച്ചവനോട് നന്മ ചെയ്യുവാൻ ശ്രമിക്കണം.

ക്ഷമയിൽ മറവി ഉൾപ്പെട്ടിരിക്കുന്നു എബ്രേ 8:12 എന്നാൽ മറക്കുക എന്നതിന്റെ അർത്ഥം എന്താണ്? ഒരു വ്യക്തിക്ക് അവന്റെ മനസ്സിൽ നിന്നും തെറ്റ് പൂർണ്ണമായി ഒഴിവാക്കുക. ആ വ്യക്തി ഇനി അതിന് ഉത്തരവാദിയാകാതിരിക്കുക. ഒരു വിഷയത്തിന് മാപ്പ് നല്കുമ്പോൾ അത് അവസാനിപ്പിക്കണം. ക്ഷമ ലഭിച്ചവനോട് ബന്ധപ്പെട്ട് അത് ഒരിക്കലും വീണ്ടും കുഴിച്ചെടുക്കുകയോ പിടിച്ചു വെക്കയോ അരുത്.

### സുവർണ്ണനിയമപ്രകാരം ക്ഷമ നല്കുക മത്തായി 7:12

ആവർത്തിച്ചുള്ള കുറ്റകൃത്യങ്ങളിൽ പോലും ഒരാൾ എപ്പോഴും ക്ഷമിക്കാൻ തയ്യാറായിരിക്കേണം മത്തായി 18:21-22. അപ്പൊസ്തലനായ പത്രൊസ് ചോദിക്കുന്നു. കർത്താവേ, എന്റെ സഹോദരൻ എന്നോട് പിഴച്ചാൽ എത്ര തവണ ഞാൻ ക്ഷമിക്കണം? ഏഴ് പ്രാവിശ്യമോ? യേശു മറുപടി പറഞ്ഞത് ഏഴു പ്രാവിശ്യം എന്നല്ല, ഞാൻ പറയുന്നത് ഏഴ് എഴുപത് പ്രാവിശ്യം തന്നെ.

തന്നെ ക്രൂശിച്ചവരോടു പോലു ക്ഷമിക്കുവാൻ യേശു തയ്യാറായി. എന്നാൽ അവൻ തങ്ങളുടെ തെറ്റ് അംഗീകരിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നതുവരെ ക്ഷമിക്കപ്പെട്ടില്ല. ലൂക്കോസ് 23:24 പ്രവർ. 2:36-39. ഒരുവൻ മാനസാന്തരപ്പെടുവാൻ വിസമ്മതിക്കുമ്പോൾ അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടേ മത്താ 18:17.

# സങ്കീർത്തനങ്ങൾ-77

ഡോ.സി.വി.വടവന

## ഭാഷ്യം (തുടർച്ച)

**വാ. 3 ഞാൻ ദൈവത്തെ ഓർത്തു വ്യാകുലപ്പെടുന്നു; ഞാൻ ധ്യാനിച്ച്, എന്റെ ആത്മാവ് വിഷാദിക്കുന്നു.** ഇതായിരിക്കും ദീർഘകാലം സ്വയം ദുഃഖത്തിൽ ആണ്ടിരിക്കുന്നതിന്റെ അനന്തരഫലം. ഒരുവൻ അധികം നിരാശപ്പെടുന്തോറും അവന്റെ വിഷാദം വർധിച്ചു വരും. സങ്കീർത്തനക്കാരന്റെ, വാ. 2-9 ൽ കാണുന്ന വർധിച്ചുവരുന്ന നിരാശയിൽ നിന്നും ഇതാണ് തെളിയിക്കപ്പെടുന്നത്. തന്റെ പരാതി ചോദ്യങ്ങൾ ഉയർത്തുന്നതിലും ഹൃദയഭാരത്തിലും അവസാനിച്ചു.

തന്റെ ആത്മാവ് അത്യന്തം വി ഷാദിക്കയും പൂർവ്വദിവസങ്ങളെ ഓർത്ത് ഭാരപ്പെടുകയും ചെയ്യുന്നു. തീവ്രമായ മനോദുഃഖം ആസാഫിനെ പിടികൂടിയതിനാൽ അനേക സംശയങ്ങൾ ഒന്നിച്ച് പൊങ്ങുന്ന ഗതികേടിൽ അവ ൻ വന്നു ചേരുകയും തന്മൂലം വിവിധ ചോദ്യങ്ങൾ ദൈവത്തോട് ചോദിക്കത്തക്കവണ്ണം അവിവേകിയായി ഭവിക്കയും ചെയ്തു.

ദൈവം സ്വന്തജനത്തെ തള്ളിക്കളയുകയും ദൈവകോപം അവരുടെമേൽ ചൊരിയുകയും ചെയ്യുന്ന കാര്യങ്ങളെ സ്മരിക്കുന്ന വാക്കുകൾ കൊണ്ടാണല്ലോ 74-ാം സങ്കീർത്തനം ആരംഭിക്കുന്നത്. ഇവിടെയും ദൈവസന്നിധിയിൽ തങ്ങളുടെ സങ്കടങ്ങൾ ഹാജരാക്കിയിട്ടും മറുപടികാണാത്തതിനാൽ അവരുടെ ഹൃദയം വിഷാദത്താൽ മൂടപ്പെട്ടിരിക്കുന്നു.

ദുഃഖത്തിന്റെ സമ്മർദ്ദത്തിൽ പ്രാർത്ഥനയിൽ പോലും തനിക്ക് ആശ്വാസം ലഭിച്ചിട്ടില്ല എന്ന് വിലപിക്കുന്നു. ആസാഫ് തന്റെ കഷ്ടതയിൽ മനുഷ്യരുടെ അടുക്കലേക്കല്ല, ദൈവത്തിങ്കലേയ്ക്ക് തന്നെ ചെന്നു.

**വാ. 4 നീ എന്റെ കണ്ണിനു ഉറക്കം തടുത്തിരിക്കുന്നു; സംസാരിക്കുവാൻ കഴിയാതവണ്ണം ഞാൻ വ്യാകുലപ്പെട്ടിരിക്കുന്നു.** എന്റെ കൺപോളകൾ അടയുവാൻ നീ ഇടയാക്കുന്നില്ല. എന്റെ ദുഃഖം വളരെയധികമായതുകൊണ്ട് എനിക്ക് ഉറങ്ങുവാനും സംസാരിക്കുവാനും കഴിയുന്നില്ല (വാ. 4). കണ്ണുകൾ അടയ്ക്കുവാൻ സാധിക്കാതവണ്ണം ഉറക്കം അവരെ വിട്ടുപോയിരിക്കയാണ്. സംസാരിക്കാൻ പാടില്ലാതവണ്ണം ദുഃഖം അവരെ തളർത്തിയിരിക്കുന്നു. കഴിഞ്ഞകാലത്തെ സംഭവങ്ങളുടെ ഓർമ്മയിൽ നിരാശ അവരുടെ മേൽ ജയം കൊള്ളുകയാൽ ദൈവം അനുകൂലമായി പ്രവർത്തിക്കുമോ എന്നും ദൈവം തങ്ങളെ തള്ളിക്കളഞ്ഞിരിക്കയാണോ എന്നും അവർ വിഭ്രമത്തോടെ ചോദ്യങ്ങൾ ഉയർത്തുന്നു. ദൈവത്തിന്റെ ദയയും വാഗ്ദാനവും നാസ്തിയായിപ്പോയോ എന്ന് അവർ ചോദിക്കുന്നതോടുകൂടി കേവലം തങ്ങളുടെ ദൈവം മറവിയുള്ളവനായിത്തീർന്നുപോയോ എന്ന് പറയത്തക്കവണ്ണം അവർ അത്രയ്ക്കു നിരാശാഗർത്തത്തിൽ പതിക്കുന്നു. ദാവീദിനും വിഷാദം അനുഭവപ്പെട്ടതായി സങ്കീ. 142:3; 143:4; എന്നീ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**വാ. 5 ഞാൻ പൂർവദിവസങ്ങളെയും പണ്ടത്തെ സംവത്സരങ്ങളെയും വിചാരിക്കുന്നു.** പുരാതന കാലം മുതൽ പൂർവപിതാക്കന്മാരുടെ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ള നിന്റെ ദയയുടെയും വിടുതലിന്റെയും സന്ദർഭങ്ങൾ ഞാൻ പരിശോധിച്ചു; എന്നാൽ എനിക്കുള്ള വിടുതൽ അവർക്കു നൽകിയതുപോലെയല്ല (വാ. 5-6).

ദൈവകോപം തങ്ങളുടെ മേൽ വന്നിരിക്കയാണെന്ന് അവർ ചിന്തിക്കുമ്പോൾ ആ 'കോപം ക്ഷണനേരത്തേയ്ക്കേയുള്ളൂ' എന്നുള്ളതിനെ വിസ്മരിച്ചുകൊണ്ട് ആ കോപത്തിന്റെ പിന്നാലെ കരുണ അടച്ചുകളഞ്ഞോ എന്നാണ് നെടുവീർപ്പോടെ അവർ വിങ്ങിപ്പൊട്ടി ചോദിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ മാറ്റമില്ലാത്ത ദൈവത്തിന് ഇടക്കാലത്ത് മാറ്റം വന്നു പോയോ എന്ന് അവർ സംശയിക്കുന്നു.

**വാ.6 രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു.....ശോധന കഴിക്കുന്നു.** സന്തുഷ്ടനായിരിക്കുകയും രാത്രികാ ലങ്ങളിൽ പാട്ടുപാടുകയും ചെയ്ത അവസരങ്ങളെ ഞാൻ ഓർക്കു ന്നു. ഇപ്പോൾ വളരെ ഭാരപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്ക് സംസാരിക്കുവാൻ പോലും കഴിയുന്നില്ല (വാ. 2-6).

എന്നാൽ പെട്ടെന്ന് അവരുടെ മധ്യത്തിൽ ഒരത്ഭുതം ഉളവാകത്തക്കവണ്ണം ഒരു ന്യൂനപക്ഷത്തിന് ദൈവകൃപ ലഭിക്കുന്നു. തങ്ങളും തങ്ങളുടെ കൂട്ടുകാരും ഏറിയ സമയം ദൈവത്തെ സംശയിച്ച് പറഞ്ഞുപോയ അവിവേകത്തിന്റെ വാക്കുകൾ ബലഹീനതയാൽ വന്നുപോയതാണെന്നുള്ള ഒരു കുറ്റബോധം അവർക്ക് ഉണ്ടായതിനാൽ നിരാശയ്ക്ക് ഒരു അറുതി വരുത്തുവാൻ അവർക്ക് ഇടയാകുന്നു. ക്രിസ്തുവിനോടുകൂടി തൂക്കപ്പെട്ട കള്ളന്മാർ ഇരുവരും ഒരുപോലെ ക്രിസ്തുവിനെ പഴിച്ച് പറഞ്ഞശേഷം അവരിൽ ഒരുവന് പെട്ടെന്ന് മാനസാന്തരം ഉണ്ടായതുപോലെ ഏറിയസമയം ദൈവവിചാരണകളെ ചോദ്യം ചെയ്തുവന്ന ആ ജനത്തിന് തങ്ങളുടെ ചോദ്യങ്ങൾ അസ്ഥാ നത്താ യിരു ന്നുവെന്ന് ബോധ്യമാകുന്നു. ദൈവത്തിന് മാറ്റമില്ല എന്നും വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണെന്നും അവന്റെ വലങ്കൈ പ്രവർത്തിച്ചതിന്റെ കീഴിൽ ആയിരുന്നു തങ്ങൾക്ക് സംഭവിച്ച അത്യാഹിതങ്ങൾ എന്നും അവർ സമ്മതിക്കുന്നു.

# മാർത്തയുടെ പ്രാർത്ഥനയും ലഭിച്ച മറുപടിയും

ലേഖനം




എൽസി ബേബി

നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിലാരുന്നപ്പോൾ സ്നേഹിച്ച ഒരു ഭവനമായിരുന്നല്ലൊ മാർത്തയുടേയും, മറിയയുടേയും ലാസറിന്റേയും ഗ്രാമമായിരുന്ന ബേഥാന്യയിലെ ഭവനം. യേശു മാർത്തയേയും അവളുടെ സഹോദരിയേയും ലാസറിനേയും സ്നേഹിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യേശു സ്നേഹിക്കമാത്രമല്ല ആ ഭവനം സന്ദർശിക്കയും ചിലപ്പോൾ അവിടെ രാപാർക്കയും ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. (മത്താ: 21:17) മാർത്തയും മറിയയും ലാസറും ഒരുപോലെ കർത്താവിനെ സ്നേഹിക്കുന്നവരും വിവിധ നിലകളിൽ ശുശ്രൂഷിക്കുന്നവരും ആയിരുന്നു. പക്ഷെ അവരുടെ ശുശ്രൂഷകളും കർത്താവിനോടുള്ള അവരുടെ സ്നേഹവും വിഭിന്നമായിരുന്നു. ഈ മൂന്നു വ്യക്തികളും നമുക്കോരോരുത്തർക്കും മാതൃകകളായിരുന്നു എന്നു വേണമെങ്കിൽ പറയാം. മറിയ മൗനമായി കർത്താവിനെ സ്നേഹിക്കയും ശുശ്രൂഷിക്കയും കർത്തൃപാദങ്ങളിൽ ധാരാളം സമയം ഇരുന്നു പഠിക്കയും പ്രാർത്ഥിക്കയും ആരാധിക്കയും ചെയ്തിരുന്നു. ലാസർ യേശുവിനോടുകൂടെ പന്തിയിലിരുന്നവനും, രോഗിയും, കർത്താവിനാൽ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിക്കപ്പെട്ട വ്യക്തിയായിരുന്നല്ലൊ? മാർത്തയാകട്ടെ കർത്താവിനു വേണ്ടി വളരെ അദ്ധ്വാനിക്കയും ഒച്ചപ്പാടുകളുണ്ടാക്കി ശുശ്രൂഷിച്ചവളായിരുന്നു. നമ്മുടെ ഇടയിൽ നോക്കിയാൽ ഈ മൂന്നു തരം വിശ്വാസികളെ കാണാൻ സാധിക്കും എന്നതിനു സംശയമില്ല. മാർത്ത കർത്താവിനെ തങ്ങളുടെ ഭവനത്തിൽ സ്വീകരിക്കയും സൽകരിക്കയും, കർത്താവുമായി കൂടുതൽ സംഭാഷണം ചെയ്തവളുമായിരുന്നെങ്കിലും കർത്താവു പ്രശംസിച്ചതും, പ്രസാദിച്ചതും മറിയയിലായിരുന്നല്ലൊ? മറിയ അല്പം മാത്രം സംസാരിച്ചതായും ലാസറാകട്ടെ ഒരു വാക്കുപോലും പറഞ്ഞതായി രേഖപ്പെടുത്തിട്ടില്ല. ഇതിൽ നിന്നും നാം എന്താണ് മനസ്സിലാക്കേണ്ടത് നമ്മുടെ കർത്താവു നമ്മെ സൂക്ഷ്മമായി ശ്രദ്ധിക്കയും, നമ്മുടെ ആത്മാർത്ഥയോടും വിശ്വസ്തതയോടും ദയ പൂർവ്വം ചെയ്യുന്ന ശുശ്രൂഷകളെയാണ് മാനിക്കുന്നതും പ്രശംസിക്കുന്നതും പ്രസാദിക്കുന്നതും എന്നും ആകുന്നുവല്ലൊ. ഇനി നമ്മുടെ മാർത്തയിലേക്കു മടങ്ങിവരാം. മാർത്ത എന്ന പേരിന്റെ അർത്ഥം Mistress, യജമാനത്തി എന്നാണല്ലൊ? മാതപിതാക്കളേക്കുറിച്ചൊന്നും രേഖപ്പെടുത്താതിനാൽ ഒരു പക്ഷെ അവർ നേരത്തേ തന്നെ മരിച്ചു പോയിക്കാണും. മൂത്ത മകളായ മാർത്തയായിരുന്നിരിക്കണം കുടുംബഭാരം വഹിച്ചിരുന്നത്. കർത്താവും ശിഷ്യന്മാരും ആ ഭവനത്തിൽ വന്നിരുന്നതിനാൽ സ്വാഭാവികമായും അവരെ മാന്യമായി സല്ക്കരിക്കാനും ഭക്ഷണം പാകം ചെയ്തു അവരെ മാനിക്കാനും മറ്റുമുള്ള ചുമതല മാർത്തക്കായിരുന്നുവെന്നു മനസ്സിലാക്കാം. മറിയ കർത്തൃപാദങ്ങളിൽ ഇരുന്ന് കർത്താവിൽ നിന്നും കേൾക്കുമ്പോൾ മാർത്തയും അങ്ങനെ കർത്തൃപാദങ്ങളിലിരിക്കാൻ താല്പര്യം കാണാതിരിക്കയില്ല. പക്ഷെ അവൾ കൂടുതൽ ശ്രദ്ധ പതിച്ചിരുന്നത് ആത്മിക വിഷയങ്ങളേക്കാൾ ഭൗതിക വിഷയങ്ങളിലായതിനാൽ അദ്ധ്വാനിച്ചു ക്ഷീണിച്ചപ്പോഴാണ് യേശുവിന്റെ അടുക്കൽ പരാതികളുമായി വന്നത്. മാർത്ത കർത്താവിനോട് "കർത്താവേ എന്റെ സഹോദരി ശുശ്രൂഷക്ക് എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയൊ? എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും"! ഇതു മാർത്ത കർത്താവിനോടു പ്രാർത്ഥിച്ച ഒരു അപേക്ഷയാകുന്നു. ഇതു വായിച്ചപ്പോൾ ഏലിയാവ് യഹോവയോടു പറഞ്ഞ ഒരു വാക്കാണ് ഓർമ്മയിൽ വരുന്നത്. "സൈന്യങ്ങളുടെ ദൈവമായ യഹോവയ്ക്ക് വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു. യിസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ച് നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകന്മാരെ വാൾ കൊണ്ടു കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു"! അതിന്റെ മറുപടി നമുക്കറിയാമല്ലൊ. മാർത്ത വാസ്തവത്തിൽ ആർക്കുവേണ്ടിയാണ് അദ്ധ്വാനിച്ചു കുഴഞ്ഞു പോയത് കർത്താവിനേയും ശിഷ്യന്മാരേയും പ്രസാദിപ്പിവാൻ അദ്ധ്വാനിച്ചു ക്ഷീണിച്ചപ്പോൾ അവൾ വിട്ടുകളഞ്ഞത് അവളുടെ ആത്മികാഹാരമായിരുന്നു. അവളുടെ അപേക്ഷ കർത്താവു കേട്ടു പക്ഷെ നല്കിയ മറു പടിശ്രദ്ധിക്കുക." മാർത്തയേ, മാർത്തയേ, നിന്റെ അദ്ധ്വാനം എനിക്കു വേണ്ടിയാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഞാനതു ശ്രദ്ധിക്കുന്നുണ്ടായിരുന്നു നീ പലതിനേയും ചൊല്ലി വിചാരപ്പെട്ടും, മനകലങ്ങിയും അദ്ധ്വാനിക്കുന്നതു ഞാൻ കണ്ടുകൊണ്ടാണിരുന്നത്. നിന്റെ മനം കലങ്ങുന്നതു കണ്ടപ്പോൾ എന്റെ മനസ്സും കലങ്ങുന്നുണ്ടായിരുന്നു. പക്ഷെ ഞാൻ നിന്നോട് ഒരു കാര്യം പറയട്ടെ നീ എന്നോടപേക്ഷിച്ചത് ഞാൻ മറിയയെ വഴക്ക് പറഞ്ഞു ഉപദേശിച്ചു നിന്നെ സഹായിക്കാൻ പറഞ്ഞു വിടാനായിരുന്നില്ലെ? പക്ഷെ എന്റെ ആഗ്രഹം നീയും ഈ മറിയയേപ്പോലെ എന്റെ പാദത്തിലിരുന്ന് എന്റെ വാക്കുകൾ ഒന്നു കേട്ടിരുന്നെങ്കിൽ എന്നായിരുന്നു കാരണം നീ നിന്റെ ഈ അദ്ധ്വാനം അല്പമൊന്നു കുറച്ച് ഈ മറിയ തിരഞ്ഞെടുത്തതു പോലെ നല്ല അംശം തിരഞ്ഞെടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു സാരം! അത് അവളോട് ആരും അപഹരിക്കാത്ത എത്ര നല്ല തിരഞ്ഞെടുപ്പായിരുന്നു എന്നു തിരിച്ചറിവ് നിനക്കില്ലാതെ പോയല്ലൊ എന്ന ദുഃഖമാണ് എനിക്കുണ്ടായത്. കാരണം നീ ഇത്രമാത്രം മനം കലങ്ങി അദ്ധ്വാനിക്കുന്ന ഈ അദ്ധ്വാനമുണ്ടല്ലൊ? അതൊക്കെ വെറും താല്കാലികം മാത്രമാകുന്നു. അതുപാഴായിപ്പോകുമല്ലൊ! അതുകൊണ്ടു നിന്റെ തിരഞ്ഞെടുപ്പിനെ ഒന്നു തിരുത്താനാണ് എന്റെ താല്പര്യം"! പ്രിയമുള്ളവരെ എത്ര നല്ല ഒരു പാഠമാണ് ഇവിടെ കർത്താവു മാർത്തയുടെ പ്രാർത്ഥനക്കുത്തുരമായി നല്കിയത്.


................. (തുടരും)

# സത്യം മിനിസ്ട്രീസ് 36-ാം വർഷത്തിലേയ്ക്ക്
# പ്രാർത്ഥിക്കുക - സഹകരിക്കുക























# പ്രത്യാശ തീരത്ത്

### സിസ്റ്റർ ശോശാമ്മ ചാക്കോ



**തുരങ്കം:** ക്രാരിയേലി ബ്രദറൺ സഭാംഗമായ സിസ്റ്റർ ശോശാമ്മ ചാക്കോ (96) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ആഗസ്റ്റ് 30ന് ക്രാരിയേലി ബ്രദറൺ സഭ സെമിത്തേരിയിൽ നടത്തി.

### ബ്രദർ പി. സി. തോമസ്



**നിലമ്പൂർ:** വള്ളിക്കോട് ബ്രദറൺ അംസംബ്ലി അംഗം പുന്നവേലിൽ ബ്രദർ പി. സി. തോമസ് (92) സെപ്റ്റംബർ 9ന് കർ ത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം സെപ്റ്റംബർ 11ന് വള്ളിക്കോട് ബ്രദറൺ ചർച്ച് സെമിത്തേരിയിൽ നടത്തി.
**മക്കൾ:** ബ്രദർ പി. സി. ചാക്കോ & സിസ്റ്റർ പരേതയായ അന്നമ്മ, ബ്രദർ മാത്യു തോമസ് & സിസ്റ്റർ മോളി, ബ്രദർ ജോസഫ് തോമസ് & സിസ്റ്റർ ലളിത, ബ്രദർ ജോർജ് തോമസ് & സിസ്റ്റർ ലിസി, സിസ്റ്റർ ഓമന & ബ്രദർ ജോസ്, സിസ്റ്റർ ലവ്‌ലി & ബ്രദർ സണ്ണി.

### ബ്രദർ ചാൾസ് ബെന്നി



**ചെന്നൈ:** പുഴൽ ബ്രദറൺ പള്ളിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ചാൾസ് ബെന്നി(66) ഹൃദയാഘാതത്തെത്തുടർന്ന് സെപ്റ്റംബർ 3 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ സെപ്റ്റംബർ 5ന് നടത്തി.

### സിസ്റ്റർ ഓമന ബാബു



**അടൂർ:** പരുത്തപ്പാറ ഹെബ്രോൺ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ഓമന ബാബു (മറിയാമ്മ-54) സെപ്റ്റംബർ 10ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 13 ന് ഹെബ്രോൺ ബ്രദറൺ അസംബ്ലി ഓഡിറ്റോറിയം പരുത്തപ്പാറയിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും പരുത്തപ്പാറ ഹെബ്രോൺ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.
**മക്കൾ:** സിസ്റ്റർ രഞ്ജു, സിസ്റ്റർ മഞ്ജു, ബ്രദർ ജെയിംസ്, ബ്രദർ ജീമോൻ.

### സിസ്റ്റർ രാധ



**തിരുവനന്തപുരം:** പെരുകാവ് ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ രാധ (79) സെപ്റ്റംബർ 16ന് കർത്തൃസന്നിധിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം സെപ്റ്റംബർ 17 ന് കോലച്ചിറ ഫാമിലി സെല്ലറിൽ വെച്ച് നടത്തി.

### സിസ്റ്റർ മേരി ജോൺ



**ഇളമ്പൽ :** കുറ്റിക്കോണം ബ്രദറൺ അസംബ്ലി അംഗം ആശാരിയത്തു വീട്ടിൽ സിസ്റ്റർ മേരി ജോൺ (മറിയാമ്മ-97) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കുറ്റിക്കോണം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.

### ബ്രദർ ജീസൺ ജോർജ്



**കോതമംഗലം:** നങ്ങേലിപ്പടി പ്ലാത്തോട്ടത്തിൽ വീട്ടിൽ ബ്രദർ ജീസൺ ജോർജ്(ജോമോൻ-47) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.സംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് കോതമംഗലം ടൗൺ ക്രിസ്തൃൻ ബ്രദറൺ അസംബ്ലി ഹാളിൽ നടത്തുകയും തുടർന്ന് മൃതദേഹം പോത്താനിക്കാട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ നിസ്സി ജീസൺ
**മക്കൾ:** ജോഷ്വ, അബിഗേൽ, സാറ

### ബ്രദർ ജെയിംസ് ജോസ്



**കോട്ടയം:** മേലുകാവുമറ്റം ബ്രദറൺ ചർച്ചിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ജെയിംസ് ജോസ് (രാജു-64) ഹൃദയാഘാതത്തെത്തുടർന്ന് സെപ്റ്റംബർ 13ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 16ന് മേലുകാവുമറ്റം ബ്രദറൺ ചർച്ച് ഹാളിൽ സംസ്കാര ശുശ്രൂഷ നടത്തുകയും തുടർന്ന് മേലുകാവുമറ്റം ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ ഗ്ലോറി ജെയിംസ്
**മക്കൾ:** സിസ്റ്റർ ബിൻസി, ഇവാ. സുജിൻ രാജ് എസ്. ആർ. സിസ്റ്റർ ബ്ലെസി ജെയിംസ്, ജോവാന സുജിൻ.

### സിസ്റ്റർ തങ്കമ്മ കൊച്ചുകുഞ്ഞ്



**എണ്ണക്കാട്:** ചക്കാലവടക്കേതിൽ ജോൺസൺ വില്ലയിൽ പരേതനായ തോമസ് കൊച്ചുകുഞ്ഞിന്റെ ഭാര്യ സിസ്റ്റർ തങ്കമ്മ കൊച്ചുകുഞ്ഞ് (98)സെപ്റ്റംബർ 15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 20ന് എണ്ണക്കാട് ബ്രദറൺ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.
**മക്കൾ:** ബ്രദർ ബിജു കെ. കെ & സിസ്റ്റർ മേഴ്‌സി ബിജു, പരേതനായ ലില്ലി രാജു & ബ്രദർ രാജു എം.സി., സിസ്റ്റർ സിസി ചൗധരി & ബ്രദർ നവൈദ് ചൗധരി, പരേതനായ ഷാലി ജോൺ സാമുവൽ & ഇവാ. ജോൺ സാമുവൽ.

### ബ്രദർ ഗോപി നായർ



**കരുമാലൂർ:** കരുമാലൂർ ബ്രദറൺ സഭാംഗം ബ്രദർ ഗോപി നായർ (86) സെപ്റ്റംബർ 1 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### ബ്രദർ സി. വൈ. ലാസർ



**കോതമംഗലം:** പോത്താനിക്കാട് ബ്രദറൺ അസംബ്ലി അംഗം ചാലുമടത്തിൽ ബ്രദർ സി. വൈ. ലാസർ (74) ഓഗസ്റ്റ് 21 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ പോത്താനിക്കാട് ബ്രദറൺ അസംബ്ലി ഹാളിൽ വെച്ച് നടത്തുകയും തുടർന്ന് പോത്താനിക്കാട് ബ്രദറൺ സെമിത്തേരിയിൽ സംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ കുഞ്ഞമ്മ ലാസർ
**മക്കൾ:** സിസ്റ്റർ ലൈസ, സിസ്റ്റർ ലിസീല, സിസ്റ്റർ ലിഷ, ബ്രദർ ഷിജു പോൾ, ബ്രദർ ജിനി ഡാൻ.

### സിസ്റ്റർ റേച്ചൽ ജേക്കബ്



**കല്ലിശ്ശേരി:** റഹോബോത്ത് ബ്രദറൺ അസംബ്ലി അംഗം പരേതനായ കെ. ജെ ജേക്കബിന്റെ ഭാര്യ കിഴക്കേ തേക്കാട്ടിൽ സിസ്റ്റർ റേച്ചൽ ജേക്കബ് (കുഞ്ഞമ്മ 84) ആഗസ്റ്റ് 24ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ബഹ്‌റൈനിലും തിരുവല്ല ടി എം എം ആശുപത്രിയിലും സ്റ്റാഫ് നഴ്സായിരുന്നു. ശവസംസ്കാരം ആഗസ്റ്റ് 27ന് കല്ലിശ്ശേരി ബ്രദറൺ സെമിത്തേരിയിൽ സംസ്കാരം നടത്തി.
**മക്കൾ:** ബ്രദർ ഏബൽ ജേക്കബ്, സിസ്റ്റർ കൊച്ചുമോൾ ജോസഫ്.

### സിസ്റ്റർ ക്രിസ്റ്റീന ഈസ്റ്റർ റാണി



**ചെന്നൈ:** പാടി ബിലിവേഴ്സ് അസംബ്ലി അംഗം ബ്രദർ ശിവജിയുടെ മകൾ സിസ്റ്റർ ക്രിസ്റ്റീന ഈസ്റ്റർ റാണി(29) സെപ്റ്റംബർ 5ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### സിസ്റ്റർ എൽസി




**നെല്ലിക്കുന്ന്:** നെല്ലിക്കുന്ന് ബ്രദറൺ സഭാംഗം ബ്രദർ സൈമണിന്റെ ഭാര്യ സിസ്റ്റർ എൽസി (അമ്മിണി-73) സെപ്റ്റംബർ 5 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ നെല്ലിക്കുന്ന് ബ്രദറൺ സഭ ചർച്ചിൽ നടത്തുകയും റഹബോത്ത് ബ്രദറൺ സഭ സെമിത്തേരിയിൽ സംസ്കാരം നടത്തി.
**മക്കൾ:** സിസ്റ്റർ ഷിബ, ബ്രദർ ജോൺസൻ, സിസ്റ്റർ ഷൈനി, ബ്രദർ ലിയോ.

### ബ്രദർ ഉമ്മൻ ഗീവർഗീസ്



**കൊല്ലം:** പുയപ്പള്ളി ബ്രദറൺ അസംബ്ലി അംഗം ബ്രദർ ഉമ്മൻ ഗീവർഗീസ്(78) സെപ്റ്റംബർ 6ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 8ന് മൃതദേഹം പുയപ്പള്ളി ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** സിസ്റ്റർ ചിന്നമ്മ ഉമ്മൻ
**മക്കൾ:** ബ്രദർ സാംസൺ.

### ബ്രദർ ജോർജ്ജ് മാത്യു



**പുനലൂർ:** ചെമ്മന്തൂർ ബ്രദറൺ ചർച്ചിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ജോർജ്ജ് മാത്യു (ബേബിച്ചൻ-85) ഓഗസ്റ്റ് 22 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ചെമ്മന്തൂർ ബ്രദറൺ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.
**ഭാര്യ:** പരേതയായ സൂസമ്മ ജോർജ്ജ്
**മക്കൾ:** ബ്രദർ ബോബി ജോർജ്ജ് & സിസ്റ്റർ മിനു ജോർജ്ജ്, സിസ്റ്റർ ബീന മാനുവൽ & ബ്രദർ മാനുവൽ.

### സിസ്റ്റർ മിനി ജോസഫ്



**കാപ്പിമല:** കല്ലംപ്ലാക്കൽ വള്ളംകുളം സിസ്റ്റർ മിനി ജോസഫ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

### സിസ്റ്റർ അന്നമ്മ വർഗീസ്



**ചാത്തന്നൂർ:** സിസ്റ്റർ അന്നമ്മ വർഗീസ് (73) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 7 ന് ചാത്തന്നൂർ ബ്രദറൺ അസംബ്ലിയിൽ സംസ്കാരം നടത്തി.

### ഡോ. എ. നോബിൾ



**എറണാകുളം:**എറണാകുളം സൗത്ത് ബഥേൽ ബ്രദറൺ ചർച്ച് അംഗം ഇടുപ്പാടിക്കൽ വീട്ടിൽ ഡോ. എ.നോബിൾ (91) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** പരേതയായ ആലീസ് നോബിൾ
**മക്കൾ:**സിസ്റ്റർ റേച്ചൽ എബ്രഹാം മാത്യൂസ്, ബ്രദർ എബ്രഹാം നോബിൾ.

### ബ്രദർ ജയൻ ചാക്കോ



**നാഗ്പൂർ:** റഹീമ ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജയൻ ചാക്കോ സെപ്റ്റംബർ 15 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.
**ഭാര്യ:** സിസ്റ്റർ റെനി ജയൻ

### സിസ്റ്റർ ലീല അന്തോണി



**റാണിമുടി:** മുതലടിയിൽ സിസ്റ്റർ ലീല അന്തോണി (89) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സെപ്റ്റംബർ 13ന് വെള്ളിയാഴ്ച്ച പകൽ ശവസംസ്കാരം നടത്തി.




# പ്രാർത്ഥന – സഹായം

## അബിഗേലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക

**ഡാളസ്:** ബ്രദർ ലിൻസൺ ഏബ്രഹാമിന്റെയും സിസ്റ്റർ നൈനയുടെയും മകളായ അബിഗേലി (3)നായി പ്രാർത്ഥിക്കുക. കുഞ്ഞിന് തലയിൽ ട്യൂമറാണെന്ന് കണ്ടെത്തി, ആഗസ്റ്റ് 27 മുതൽ 6 മാസം നീണ്ടു നിൽക്കുന്ന ഒരു കീമോതെറാപ്പി സെഷൻ കുഞ്ഞിന് ആരംഭിച്ചു. അബിഗേലിന്റെ പൂർണ്ണ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## ഇവാ.പി. എം.ജെയ്സൺ

**ആന്ധ്രാപ്രദേശ്:** ആന്ധ്രാപ്രദേശിലെ വിജയനഗരം പ്രദേശത്ത് 30 വർഷത്തിലേറെയായി ഇവാ. പി. എം. ജെയ്സൺ ശുശ്രൂഷകൾ നടത്തിവരുന്നു. അദ്ദേഹം ഇപ്പോൾ രണ്ട് കണ്ണുകളിലും ഗുരുതരമായ രക്തസ്രാവം മൂലം ബുദ്ധിമുട്ടുകയാണ്. കൂടാതെ ചില ലേസർ ചികിത്സകൾക്ക് വിധേയനായിട്ടുണ്ട്. കൂടുതൽ ചികിത്സകൾ അദ്ദേഹത്തിനാവശ്യമാണ്. അദ്ദേഹത്തിന്റെ പൂർണ്ണമായ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

## പ്രാർത്ഥന അഭ്യർത്ഥന

**പുല്ലാട്:** ഇവാ.ഏബ്രഹാം തോമസിന്റെ ഭാര്യ സിസ്റ്റർ എലിസബത്ത് തോമസിനായി പ്രാർത്ഥിക്കുക. കാൻസർ രോ ഗത്തിന്റെ നാലാം സ്റ്റേജിലാണ്. വളരെ വേദനയിൽ കൂടെ കുടുംബത്തെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. കിഡ്നിയിൽ നിന്നുള്ള ബ്ലീഡിങ് ഇപ്പോഴും തുടരുന്നു. നെഫ്രക്ടമി സർജറിയ്ക്ക് വിധേയയായിരുന്നു. പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## സുവിശേഷകനായി പ്രാർത്ഥിക്കുക

**കാട്ടാക്കട:** കഴിഞ്ഞ 40 വർഷകാലമായി കറ്റക്കോട് ബ്രദറൺ സഭയുടെ സുവിശേഷകനായിരിക്കുന്ന ബ്രദർ കെ. സി. ജപസിംഗ് ചില വർഷങ്ങളായി ഷുഗർ സംബന്ധമായ രോഗത്താലും, മറ്റു ചില രോഗങ്ങളാലും ഭാരപ്പെടുന്നു. ഈ അടുത്ത ചില മാസങ്ങളായി അദ്ദേഹം വളരെ ശാരീരിക ബുദ്ധിമുട്ടുലൂടെ കടന്നു പോകുന്നു. താൻ തന്റെ മൂത്ത മകളുടെ ഭവനത്തിൽ താമസിച്ചു. കാട്ടാക്കട നെയ്യാർ മെഡിറ്റി ആശുപത്രിയിൽ ചികിത്സയിൽ തുടരുകയായിരുന്നു. എന്നാൽ തന്റെ സ്ഥിതി വളരെ മോശമായ കാരണത്താൽ കാട്ടക്കടയിലുള്ള പങ്കജകസ്തൂരി ആയുർവേദ ആശുപത്രിയിൽ സെപ്റ്റംബർ മുതൽ അഡ്മിറ്റ് ആയിരുന്നു. ചികിത്സയിൽ തുടരുന്നു. തനിക്ക് കുറഞ്ഞത് 20 ദിവസത്തെ ചികിത്സയെങ്കിലും ആവശ്യമായി വരും എന്നു ഡോക്ടർമാർ നിർദ്ദേശിച്ചിരുക്കുന്നു. കഴിഞ്ഞ രണ്ടു മാസത്തിലധികമായി ആശുപത്രിവാസവും ചികിത്സയുമായി പ്രീയ സഹോദരൻ സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണ്. തുടർ ചികിത്സകൾ ക്കായി വളരെ ബുദ്ധമുട്ട് അനുഭവിക്കുന്നു. ഈ അവസരത്തിൽ കൂട്ടു ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹകരണങ്ങളും സഭയായി ദൈവനാമത്തിൽ അപേക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.

Bank Details
K.C. JAPA SING
Bank : State Bank of India
A/c No: 57037423397
IFSC : SBIN0070040
Branch: Kattakada
Contact: C.J. Lariyos
Ph: 9645313412
KCJ :9048742550

## ബ്രദർ ബിജു എം പി, മല്ലപ്പള്ളി

**മല്ലപ്പള്ളി:** മല്ലപ്പള്ളി ടൗൺ ബ്രദറൺ അസംബ്ലി അംഗമാണ് ബ്രദർ ബിജു എം. പി. (50) സെപ്റ്റംബർ 1ന് അദ്ദേഹത്തിന് ചില ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായി. ആദ്യം മല്ലപ്പള്ളിയിലെ ആശുപത്രിയിലും തുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. അദ്ദേഹത്തിന് ഹൃദയാഘാതമുണ്ടായതായി ഡോക്ടർമാർ സ്ഥിരീകരിച്ചു. കൊറോണറി ആർട്ടറിയിൽ മൂന്ന് ബ്ലോക്കുകളുണ്ടെന്ന് ഡോക്ടർമാർ കണ്ടെത്തി. അതിനായി ഒരു ബ്ലോക്കിന് ആൻജിയോപ്ലാസ്റ്റി ചെയ്തു. ബ്രദർ ബിജു കൂലിപ്പണിക്കാരനാണ് അദ്ദേഹത്തിന്റെ വരുമാനം കൊണ്ടാണ് ഇതുവരെ കുടുംബം കഴിഞ്ഞിരുന്നത്. ഭാര്യയും 10, 9 ക്ലാസുകളിൽ പഠിക്കുന്ന രണ്ട് കുട്ടികളുമുണ്ട്. ഇവർ ചികിത്സക്കായി വളരെ ഭാരപ്പെടുന്നു. ദയവായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുക. കുടുംബത്തിന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

Bank Details
Name: Soosamma George
SB Account number: 543502010007320
IFS Code: UBIN0907243
Bank: Union Bank of India
Branch: Mallappally

## പ്രാർത്ഥനയ്ക്ക് നന്ദി

**ചെന്നൈ:** ബ്രദർ ക്രിസ്റ്റഫറിനായും സിസ്റ്റർ ഫെബക്കായും പ്രാർത്ഥിച്ച ഏവർക്കും നന്ദി. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. തുടർന്നും പ്രാർത്ഥിക്കുക.

## പ്രാർത്ഥന സഹായം

**മൂവാറ്റുപുഴ:** കുന്നക്കുരുടി ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ കെ. വി. മേരിക്കു വേണ്ടി പ്രാർത്ഥിക്കുക. ഇൻഫ്ലുവൻസ് ന്യൂമോണിയ (എച്ച്1 എൻ1) മൂലമുണ്ടായ അണുബാധയെ തുടർന്ന് ആലുവ രാജഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പൂർണ്ണമായി സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ചികിത്സാ സഹായം

**വയനാട്:** കുറിച്ചിപ്പറ്റ സഭാ സുവിശേഷകനാണ് ദേവസ്യ. അദ്ദേഹത്തിന്റെ ഭാര്യ മേരി സഭാശുശ്രൂഷയ്ക്കു താങ്ങും തണലുമായിരുന്നു. എന്നാൽ 2020ൽ പാൻക്രിയാസിൽ മുഴ കണ്ടെത്തുകയും അത് ഓപ്പറേഷൻ ചെയ്തു നീക്കി 6 മാസം കഴിഞ്ഞു ലിവറിൽ മുഴയുണ്ടായി അത് കരിച്ചുകളഞ്ഞു. വീണ്ടും ലിവറിൽ മുഴ ഉണ്ടായിരിക്കുന്നു. സെപ്റ്റംബറിൽ ആ മുഴ കരിച്ചുകളയണം അല്ലെങ്കിൽ അത് മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കും. ദയവായി ഈ പ്രതിസന്ധിയിൽ ഈ കുടുംബത്തിനായി പ്രാർത്ഥനയിൽ ഓർക്കുകയും സഹായിക്കുകയും ചെയ്യാനുഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.

സുവി. ദേവസ്യ
Mob No: 9947623571
Bank Details
Bank : State Bank of India
Branch: Kappiset Chettapalam Post
A/c No: 31391110711
IFSC : SBIN0008786

(തുടർച്ച പേജ്....1)
കുട്ടികൾക്കായുള്ള ബൈബിൾ നൽകുകയും അതുവഴി കുട്ടികളുടെ മാനസിക സമ്മർദം കുറക്കുവാനും റിലീഫ് ടീം ശ്രമിക്കുകയാണ്. വളരെ വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിലൂടെയാണ് സത്യം മിനിസ്ട്രീസ് ഓരോ പ്രവർത്തനങ്ങളും തുടരുന്നത്. മണിപ്പൂരിലെ കുട്ടികളുടെ വിദ്യാഭ്യാസവും ഭാവിയും ലക്ഷ്യമാക്കി സത്യം മിനിസ്ട്രീസ് തുടങ്ങിയ ഉദ്യമത്തിൽ ഏറെ പ്രയാസങ്ങൾ നേരിട്ടിരുന്നു. മണിപ്പൂരിനെ സഹായിക്കാനായി സത്യം മിനിസ്ട്രീസിനോട് ചേർന്നുനിന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിന് ഏവരുടെയും പിന്തുണയും പ്രാർത്ഥനയും ആവശ്യമാണ്.

## നന്ദി അറിയിച്ചു

**മണർകാട്:** മാസ്റ്റർ ജോഷ് ജോൺ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആയി. പൂർണ്ണ ആരോഗ്യത്തോടെ വീട്ടിലെത്തി. മകൻ സുഖം പ്രാപിക്കുന്നതിനായി പ്രാർത്ഥിച്ച എല്ലാവർക്കും ബ്രദർ ജോൺ ജോസഫ് നന്ദി അറിയിച്ചു. പൂർണ്ണമായ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നത് തുടരുക.

## രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക, സഹായിക്കാം

**തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വാഴവിള ബ്രദറൺ അസംബ്ലിയിലെ രണ്ടുപേരുടെ പ്രാർത്ഥന വിഷയങ്ങൾ**

സിസ്റ്റർ ലീലാബായി വയറിനുള്ളിലെ മുഴ നീക്കൽ സർജറി ആർ. സി. സിയിൽ വിട്ടു. കാൻസർ ബാധിച്ചതിനാൽ റേഡിയേഷൻ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇതിനുവേണ്ടി സ്കാനിംഗ് ചെയ്യണം. എല്ലാറ്റിനും കൂടി 25000/- രൂപ അത്യാവശ്യമായിരിക്കുന്നു. എല്ലാവരുടേയും പ്രാർത്ഥനയും സാമ്പത്തികമായ സഹായ സഹകരണവും ആവശ്യമായി വന്നിരിക്കുന്നു.

Indian Overseas Bank Palode.
A/c No. 026901000052684
IFSC Code: IOBA0000269
Leela Bhai: Mob:8606525385

എയിഡൻ മീവ 2 വയസ്സുള്ള കുഞ്ഞിന് യൂറിനറി സംബന്ധമായ ചികിത്സയ്ക്ക് 2024 ഒക്ടോബർ 16 എസ്.എ.റ്റി. ആശുപത്രിയിൽ കുഞ്ഞിന്റെ പിതാവ് ബിബിൻ ബി.എസ്. അമ്മ ആൻസിരാജ വാഴവിള ബ്രദറൺ സഭയിൽ ആരാധിച്ചുകൊണ്ടിരിക്കുന്നു.

Bank of Baroda
Branch: Vattiyoorkave
A/c No.: 8522010000292
IFSC Code: BARB0VATTIY
Ancy Raj: Mob:9048912883

**ഇവരെ രണ്ടുപേരെയും ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകി സഹായിക്കണമെന്നും അഭ്യർത്ഥിക്കുന്നു.**

## രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുക

**കൊട്ടാരക്കര:** ബ്രദർ ഈട്ടിക്കൽ കുഞ്ഞുമോനുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹത്തിനു നെഞ്ചിലെ അണുബാധയും ചുമയും ശ്വാസതടസ്സവും മൂലം തിരുവല്ല ടി എം എം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. പൂർണ്ണമായി സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## പ്രാർത്ഥനക്ക് നന്ദി

**ബിജാപൂർ:** ഇവാ. അലക്സിനായും സിസ്റ്റർ ഹെബ്സിബക്കായും പ്രാർത്ഥനകളിൽ ഓർത്ത എല്ലാവർക്കും നന്ദി അറിയിച്ചു. ഇരുവരും സുഖം പ്രാപിച്ചു വരുന്നു. എത്രയും വേഗം ബീജാപുരിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഭവന നിർമ്മാണത്തിനായി പ്രാർത്ഥിക്കാം

**ആന്ധ്രാപ്രദേശ്:** കോട്ടൂരിലെ ബെഥെസ്ദാ ക്രിസ്ത്യൻ അസംബ്ലി സുവിശേഷകൻ സന്തോഷ് കല്ലേപ്പള്ളി അനാഥനായി വളർന്നു. സ്വന്തമായി വീടില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുകയാണ്. വിശ്വാസികളും അസംബ്ലികളും പ്രിയ സഹോദരനെ സഹായിക്കാൻ അഭ്യർത്ഥിക്കുന്നു. അതിലൂടെ അദ്ദേഹത്തിന് താമസിക്കാനും ശുശ്രൂഷ ചെയ്യാനും ഒരു ചെറിയ വീട് നിർമ്മിക്കാൻ കഴിയും.

Name: Santhosh Kallepalli
SB Account Number: 20205405359
Bank: State Bank of India
IFS Code: SBIN0006636
Branch: Kotturu

## ഡെങ്കിപ്പനി, സൗഖ്യത്തിനായി പ്രാർത്ഥിക്കുക

### ബെന്നി ചാക്കോ ബീഹാർ

**ബീഹാർ:** ബ്രദർ ബെന്നി ചാക്കോച്ചനുവേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹം ഡെങ്കിപ്പനി ബാധിച്ച് ഏതാനും ദിവസമായി തിരുവല്ല ടി എം എം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അദ്ദേഹത്തിന്റെ പൂർണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### സാബു പോളി മാവേലിക്കര

**മാവേലിക്കര:** വെട്ടിയാർ ബ്രദറൺ അസംബ്ലി സുവിശേഷകൻ ഇവാ. സാബു പോളിനായി പ്രാർത്ഥിക്കുക. ഡെങ്കിപ്പനി ബാധിച്ച് പന്തളം ഇടപ്പോൺ ജോസ്കോ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. പൂർണ്ണമായി സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.09.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## ഹൂസ്റ്റണിൽ സത്യം മിനിസ്ട്രീസിന്റെ പുതിയ ഓഫീസ് ആരംഭിച്ചു

**ഹൂസ്റ്റൺ:** 36 വർഷക്കാലമായി ആതുരസേവന രംഗത്ത് പ്രവർത്തിച്ചുവരുന്ന സത്യം മിനിസ്ട്രീസിന്റെ പുതിയ ഓഫീസ് ഹൂസ്റ്റണിൽ ആരംഭിച്ചു. തിരുവല്ല തോട്ടഭാഗം ആസ്ഥാന കേന്ദ്രമായ സത്യം മിനിസ്ട്രീസ് വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഓർഫണേജ്, ഡിസബലിറ്റി സ്കൂളുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ പ്രവർത്തന മേഖലകളിൽ സജീവ സാന്നിധ്യമാണ്. മലയാളവും ഇംഗ്ലീഷും ഉൾപ്പെടെ വിവിധ ഭാഷകളിലെ വിഭിന്നമായ പുസ് തകശേഖരം ഹൂസ്റ്റണിലെ ഓഫീസിലും വായനക്കാർക്കായി ക്രമീകരിച്ചിട്ടുണ്ട്. ഇതുവരെ സത്യം മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങായി നിന്ന ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങൾക്കായി അമേരിക്കൻ മലയാളികൾക്ക് ഹൂസ്റ്റണിലെ സത്യം മിനിസ്ട്രീസ് ഓഫീസുമായി ഇനി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:diretor@sathyamministry.org

## ആത്മീയ ശുശ്രൂഷ

**പനവേലി:** പനവേലി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഒരുക്കിയ ബൈബിൾ ക്ലാസ് സെപ്റ്റംബർ 23 മുതൽ 28 വരെ പനവേലി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ നടക്കുന്നു. കൂടാതെ എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 6 മണി വരെ കൊട്ടാരക്കര താലൂക്ക് പരിധിയിൽ പരസ്യയോഗവും ഉണ്ടായിരിക്കും. "വിശ്വാസിയും വിശുദ്ധ ജീവിതവും" എന്ന വിഷയത്തിൽ ബ്രദർ വൈ. ബേബി ബൈബിൾ ക്ലാസുകൾ നയിക്കുന്നു. അറയ്ക്കൽ ബ്രദറൺ ഗോസ്പൽ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക. Phone No:9961004512, 9387589694

## വൈ.എം. ഇ.എഫ്. മലബാർ ഡിവിഷൻ ബൈബിൾ ക്യാമ്പ്

**പാലക്കാട്:** ഒക്ടോബർ 1 മുതൽ 3 വരെ (ചൊവ്വാഴ്ച്ച വൈകിട്ട് 6 മണി മുതൽ വ്യാഴാഴ്ച്ച ഉച്ചയ്ക്ക് 2 മണി വരെ) പാലക്കാട് ക്രിസ്ത്യൻ സഭാ ഹാളിൽ വെച്ച് വൈ. എം. ഇ. എഫ് മലബാർ ഡിവിഷന്റെ ബൈബിൾ ക്യാമ്പ് നടക്കും. സുവി. എബി. കെ. ജോർജ് മല്ലശ്ശേരി ക്യാമ്പിലെ മുഖ്യാതിഥി ആയിരിക്കും. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: 9446616207

## വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ.. തികച്ചും സൗജന്യമായാണ് ഈ പി.ഡി. എഫ് ലഭ്യമാകുന്നത്.

+91 9447126182, +91 9446531555

## പാമ്പാടി ക്രൂസേഡ്

**പാമ്പാടി:** പാമ്പാടി കമ്മ്യൂണിറ്റി ഹാൾ മൈതാനിയിൽ 2025 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ സുവിശേഷ പ്രഘോഷണവും സംഗീത സായാഹ്നവും നടക്കും. സുവി. കെ. വി. തോമസ്, സുവി. ജോയ് ജോൺ, സുവി. അജോയ് മാത്യു, സുവി. ബിജു ആലടി എന്നിവർ സന്ദേശം അറിയിക്കും.



ഐ. ബി. എഫ്. ഐ ബിലീവേഴ്സ് കോൺഫറൻസിൽ പങ്കെടുത്തവർ




## താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?

എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.
സത്യം പബ്ലിക്കേഷൻസ് Mob: 9447126182

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.